# ഗവ. ഹൈസ്കൂൾ ഇരുളത്ത്



# അക്കാദമിക് മാസ്റ്റർപ്ലാൻ



## 2025-2026



## ഹൈസ്കൂൾ തലം

## ലക്ഷ്യങ്ങൾ -

1

ജീവിതത്തിന്റെ സമസ്ത മേഖലകളും അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നു.ബോധനശാസ്ത്രം,പഠനമനശാസ്ത്രം എന്നിവയിലെ പുതിയ കണ്ടെത്തലുകളും പ്രായോഗികാനുഭവങ്ങളും ,കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ പഠനസാമഗ്രികളുടെ നിർമാണവും പഠനാനുഭവങ്ങളുടെലവിന്യമയവും വിലയിരുത്തലും നടത്തുന്നതിന് നമ്മെ പ്രാപ്തരാക്കുന്നു.എല്ലാ വിഭാഗം കുട്ടികളുടേയും പഠനപുരോഗതി സമഗ്രമാകണമെങ്കിൽ കാലോചിതമായി പാഠ്യപദ്ധതി നവീകരണം നടത്തുക്കൊണ്ടിരിക്കുകയും സംവിധാനത്തെ പ്രവർത്തനനിരതമാക്കുകയും ചെയ്താൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാകു.ഇന്ത്യയിലാകട്ടെ 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി മാറികഴിഞ്ഞു.അവകാശാധിഷ്ഠിത വിദ്യാലയം എന്ന ലക്ഷ്യം നേടുന്നതിനുള്ള സമഗ്രമായ സ്കൂൾവികസിന പരിപ്രേക്ഷ്യം നടപ്പിലാക്കുന്നതിന് പാഠ്യപദ്ധതിയെ അന്തർദേശീയ നിലവാരത്തിൽ എത്തിക്കേണ്ടതുണ്ട് .അന്തർദേശീയ നിലവാരം എന്നത് ഏതെങ്കിലും ഒരു രാജ്യത്തിന്റെ നിലവാരമല്ല, ഒരു പ്രത്യേക നിലവാരം പിന്നിടുന്ന കുട്ടി ലോകത്തെവിടെയാണെങ്കിലും ആർജിക്കേണ്ട അറിവുകളിടേയും അനുഭവങ്ങളുടേയും ആകെത്തുകയാണ്.ഇതിൽ കുട്ടിയുടെ പങ്കാളിത്വം ,ലഭ്യത,സംരക്ഷണം എന്നിവഉറപ്പുവരുത്തണം. പഠനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന വിലയിരുത്തൽ സമീപനമാണ് സ്വീകരിക്കേണ്ടത്.പഠനപ്രവത്തനങ്ങൾക്ക് ഊന്നൽ നൽകി പഠിതാവിന്റെ സജീവപങ്കാളിത്വം ഉറപ്പാക്കണം.വിമർശനാത്മക ചിന്ത ,യുക്തി ചിന്ത ,പഠനത്തിന്റെ പ്രതിഫലനവും പ്രകടനവും, പരസ്പരബന്ധിതമായ അറിവ് ഇടങ്ങിയവ പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകിയുള്ള പഠനത്തിന്റെ സവിശേഷതകളാണ്.ഇപ്രകാരം വൈജ്ഞാനിക തലത്തിലും സാമൂഹ്യ-വൈകാര്യക തലത്തിലെയും പഠിതാവിന്റെ ശേഷിയും അറിവും കഴിവും താൽപര്യവും ഉറപ്പിക്കുന്ന സമഗ്രമായ പഠനപ്രവത്തനങ്ങൾ ആസൂത്രണം ചെയ്യണം.എങ്കിൽമാത്രമേ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കുട്ടിക്ക് പ്രാപ്തമാകുകയുള്ളൂ.ഇതിൽ വിദ്യാലയവും -സമൂഹവും കൈകോർക്കണം.എല്ലാ കുട്ടികളേയും ഉൾക്കൊള്ളുന്നതും പരിഗണനയും സഹായവും ശ്രദ്ധയും നൽകുന്നതുമായ നീതിപൂർവമായ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുകയാണ് ഈ ആസൂത്രണത്തിന്റെ പരമപ്രധാനമായ ലക്ഷ്യം.

- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. (പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാകണം. കലാകായിക പ്രവൃത്തി പരിചയപഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കണം. സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കണം. ഓരോ കുട്ടിയും മൂന്നു ഭാഷയിലെങ്കിലും ആശയവിനിമയശേഷി നേടണം).
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
- ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- ക്ലാസ്സുമുറികളിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
- കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസര മൊരുക്കും.
- പഠനത്തിൽ പിന്നാക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.

- പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.
- സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.
- ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാവുന്നതരത്തിൽ ഇടപെടലുകൾ നടത്തും.
- പ്ലാസ്റ്റിക് മുക്ത-കീടനാശിനിമുക്ത-ലഹരിമുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കും.
- 'കാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് 'ജൈവവൈവിധ്യ ഉദ്യാനം' എന്ന ആശയം സ്കൂളിൽ നടപ്പാക്കും.
- പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.
- വിദ്യാഭ്യാസത്തിന്റെ ജനകീയവൽകരണം അർത്ഥപൂർണ്ണമാക്കും.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കും.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.
- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക. പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും.
- സ്കൂൾതലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചക്ക് ഉതകുന്നവിധം പ്രയോജനപ്പെടുത്തും.

## ശാസ്ത്രപഠന സമീപനം

മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെത്തുകയാണ് ശാസ്ത്രം.ഒരു വ്യക്തിക്കുണ്ടാകുന്ന അനുഭവം അതേ സാഹചര്യത്തിൽ മറ്റു വ്യക്തികൾക്കും ഉണ്ടാകുന്നുവെങ്കിൽ അവ ശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു.യുക്തമായ ചോദ്യങ്ങൾ ചോദിക്കാനും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കാനും അവയെ സമഗ്രമായി വിശകലനം നടത്തുന്നതിലൂടെ കാര്യകാരണ വിചാരം ഫലപ്രാപ്തിയിലെത്തുന്നു.ഇതാണ് ശാസ്ത്ര പഠനരീതി .ഇതിലൂടെ സമൂഹത്തിലെ അന്ധവിശ്വാസങ്ങളും, അബദ്ധധാരണകളും ഇല്ലാതാകുന്നു.ആ സമൂഹം ചൂഷണത്തിനും ,തട്ടിപ്പിനും വിധേയമാകുന്നില്ല.അതിനാൽ ശാസ്ത്രം ശക്തമായ ഒരു രക്ഷാകവചം കൂടിയാണ്.ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രയോഗിക്കപ്പെടേണ്ട ഒന്നാണ് ശാസ്ത്രത്തിന്റെ രീതി.അതുകൊണ്ടുതന്നെ ഊർജത്തെകുറിച്ചും പദാർഥങ്ങളെ കുറിച്ചും ജീവികളെ കുറിച്ചുമൊക്കെയുള്ള വിവര ശേഖരണം മാത്രമായി ശാസ്ത്രപഠനം ഒതുങ്ങരുത്.അതിനുമപ്പുറം ശാസ്ത്ര പഠനത്തിന് വിശാലമായ ലക്ഷ്യങ്ങൾ ഉണ്ട്.

## ശാസ്ത്ര പഠനത്തിന്റെ ലക്ഷ്യങ്ങൾ

*കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ വളർത്തുക, പരിപോഷിപ്പിക്കുക.

*ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുക, മെച്ചപ്പെടലിനുവേണ്ടി പരിശ്രമിക്കുക.

*ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.

*നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക.

*പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കുക.

*ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക.ശാസ്ത്ര വീക്ഷണം രൂപപ്പെടുക , പരിസ്ഥിതിസ സൗഹൃദ മനോഭാവം വളർത്തുക.

*പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാകുക,പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.

*സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി ഉപയോഗിക്കുക.

*സുസ്ഥിര വികസനം എന്ന ആശയം പ്രചരിപ്പിക്കുക.ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.

*വ്യക്തി ശുചിത്വവും സാമൂഹ്യശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക-മാനസിക-സാമൂഹ്യ ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.

*മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക.

*ശാസ്ത്രത്തിന്റെ നേട്ടത്തിൽ അഭിമാനിക്കുക,ശാസ്ത്രനേട്ടങ്ങൾ സമൂഹ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തുക.

*ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.

## ശാസ്ത്ര പഠനം - പ്രശ്നങ്ങൾ - സാധ്യതകളും -വെല്ലുവിളികളും

### *അക്കാദമികം

* 8,9,10 ക്ലാസിലെ എല്ലാം കുട്ടികൾക്കും പാഠഭാഗത്തിലെ ആശയങ്ങളും ശേഷികളും പൂർണമായും സ്വായത്തമാക്കാൻ കഴിയുന്നില്ല.

*എല്ലാം കുട്ടികൾക്കും ആശയങ്ങളേയും ധാരണകളേയും സ്വയം വിമർശമാത്മകമായി പരിശോധിച്ച് മാറ്റങ്ങൾ ഉൾക്കൊള്ളുവാനും വിലയിരുത്താനും കഴിയുന്നില്ല.

*എല്ലാം കുട്ടികൾക്കും സ്വയം പ്രശ്നപരിഹരണത്തിന്റെ ഭാഗമായി പരീക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നില്ല.

*കുട്ടികൾക്ക് മനോഭാവങ്ങൾ , മൂല്യങ്ങൾ, തീരുമാനമാനമെടുക്കൽ തുടങ്ങിയ മേഖലയിലെ ശേഷീവികാസം കുറവാണ്.

*കുട്ടകൾക്ക് ചോദ്യം ഉയർത്തൽ ,സാമാന്യവത്ക്കരണം ,ആശയവിനിമയം ,സർഗാത്മകത,ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ തുടങ്ങിയവയിൽ ശേഷി കുറവുണ്ട്.

*കുട്ടികൾക്ക് സ്വന്തം കഴിവിലുള്ള വിശ്വാസം,സ്വന്തം വികാരവിചാരങ്ങൾ സൃഷ്ടിപരമായി പ്രകടിക്കൽ വൈയക്തിക മൂല്യങ്ങളിൽ കാര്യകാരണബോധത്തോടെ ചിന്തിച്ച് പ്രവത്തിക്കുവാനുള്ള കഴിവ് തീരെ കുറവാണ്.

*കുട്ടികൾക്ക് മനോചിത്രങ്ങൾ രൂപവത്ക്കരിക്കാനും ,വസ്തുക്കളേയും ആശയങ്ങളേയും പുതിയരീതിയിൽ ബന്ധിപ്പിക്കാനും, ബദൽ ഉപയോഗങ്ങൾ കണ്ടെത്താനും ,പ്രവചിക്കാനും അനുമാനിക്കാനും, ഭ്രമകല്പനകൾ രൂപീകരിക്കാനും വേണ്ട ശേഷികൾ കുറവാണ്.

*ആശയങ്ങളുടേയും പ്രവർത്തനങ്ങളുടേയുംബാഹുല്യം.പഠനമയത്തിന്റെ കുറവ് ,ഐ.സി.റ്റി അധിഷ്ഠിതവും പ്രക്രിയാ ബന്ധിതവുമായ ആസൂത്രണത്തിന്റെ കുറവ്' . ഇവ പഠനപ്രവർത്തിന് പഠിതാവിന് ധാരാളം പരിമിതകളും പഠനവിടവുകളും സൃഷ്ടിക്കുന്നു.

*വിദ്യാലയം,പ്രകൃതി എന്നിവ ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.

ഭൗതികം -

*ശാസ്ത്രപഠനത്തിന് അനുയോജ്യമായ ശാസ്ത്രലാബ് ഉണ്ടെങ്കിലും ,കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ലാബ് സൗകര്യമില്ല.

*ശാസ്ത്ര പഠനത്തിന് സഹായകമായ വൈദ്യുത ക്രമീകരണവും ജലവിതാനവും ക്ലാസ്സുറികളിൽ ഇല്ല.

*ക്ലാസ് മുറികൾ ഐ.സി.റ്റി അധിഷ്ഠിത പഠനത്തിന് യോജിച്ചതാണ്.

സാമൂഹികം -

*സാമൂഹ്യ -പ്രാദേശിക പഠനസാധ്യതകൾ കണ്ടെത്താൻ കഴിയുന്നില്ല.

*പ്രാദേശിക ശാസ്ത്ര പ്രതിഭകളേയും ,പൂർവ്വ അധ്യാപകരേയും ,മറ്റ് ശാസ്ത്രസംവിധാനങ്ങളേയും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നു.

*Inventors Park (Science Park ) -ന്റെ സഹായം ഫലപ്രദമായി ഉപയോഗിക്കുന്നു.

*പ്രാദേശിക ശാസ്ത്ര കൂട്ടായ്മയുടെ സഹായം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നു.

## 2)പ്രശ്നവിശകലനം -

***മേഖല : അക്കാദമികം -പ്രശ്നം**

8,9,10 ക്ലാസിലെ എല്ലാം കുട്ടികൾക്കും പാഠഭാഗത്തിലെ ആശയങ്ങളും ശേഷികളും പൂർണമായും സ്വായത്തമാക്കാൻ കഴിയുന്നില്ല.

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പദ്ധതി \ പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>*താൽപര്യകുറവ്<br>*വായനാപ്രവർത്തനങ്ങളുടെ കുറവ്.<br>*പഠനം ബുദ്ധിമുട്ടാണ് എന്ന മുൻവിധി.<br>*മുൻക്ലാസിൽ ആർജിക്കേണ്ട ആശയങ്ങൾ , ധാരണ,ശേഷികൾ എന്നിവയിലുള്ള കുറവ്.<br>*അഭിപ്രേരണയുടെ കുറവ്.<br>*മാനസിക – ശാരീരിക പ്രശ്നങ്ങൾ.<br>*പഠനാനുഭവങ്ങളെ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.<br>*സ്വയം പഠനത്തിന് അവസരം കുറവ്.<br>*ഗൃഹാന്തരീക്ഷത്തിലെ പ്രശ്നങ്ങൾ.<br>*ഭക്ഷണക്രമത്തിലുള്ള പ്രശ്നങ്ങൾ.<br>*ആശയങ്ങൾ പ്രായോഗികമായി ബോദ്ധ്യപ്പെടാൻ അവസരങ്ങളില്ല. | *ഓരോ ക്ലാസ്സുതലത്തിലും ആദ്യവാരം കുട്ടികളുടെ അറിവും കഴിവും നിർണ്ണയം നടത്തൽ.<br>*അടിസ്ഥാന ധാരണകൾ കൈവരിക്കാനുള്ള അവസരം ഉറപ്പാക്കുക.<br>*പഠനഗ്രൂപ്പ് ഉണ്ടാക്കുക.<br>*ആശയങ്ങളെ പഠനഗ്രൂപ്പിന്റെ സഹായത്താൽ മറ്റ് കുട്ടികളിലേക്ക് എത്തിക്കുക.<br>*പാഠപുസ്തകത്തിലെ ആശയങ്ങളെ ജീവിതഗന്ധിയായി ലളിതമായി പ്രവ ർത്തനങ്ങളിലൂടെ ആസൂത്രണം ചെയ്യുക. | 'മുന്നൊരുക്കം"<br>1. പ്രീ-ടെസ്റ്റ്<br>2. പരിഹാരബോധനം<br>'കൂട്ടുകാർക്കൊപ്പം കൂട്ടുകൂടാം" പദ്ധതി<br>3. ലോക്കൽ ടെക്സ്റ്റ്<br>4. പഠന ഗ്രൂപ്പ്<br>5. പാഠാസൂത്രണം<br>6. ജൈവവൈവിധ്യ പാർക്ക്.<br>."മികവ്" പദ്ധതി<br>6.ഹൈ ടെക്സ് ക്ലാസ്സുകൾ,<br>7. മൂല്യനിർണ്ണയ ചോദ്യങ്ങൾ<br>8. പഠന സമയം<br>9. കൗൺസലിംഗ് |

| | | |
|---|---|---|
| **അധ്യാപർ**<br>*വ്യക്തിഗത ശ്രദ്ധക്കുള്ള സമയകറവ്.<br>*വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾ.<br>*വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നത്.<br>*എല്ലാ കുട്ടികളേയും പരിഗണിച്ച് ക്ലാസുകൾ നയിക്കാൻ കഴിയുന്നില്ല.<br>*പരീക്ഷണപ്രവർത്തനങ്ങളിൽ ഉള്ള പരിചയകറവ്.<br>*മൂല്യനിർണയത്തിലെ അശാസ്ത്രീയത.<br><br>**സംവിധാനം**<br>*സമയ കറവ്.<br>*അധ്യാപക പരിശീലനത്തിലെ അശാസ്ത്രീയത.<br>*തത്സമയ സഹായത്തിന്റെ അഭാവം.<br>*കുട്ടികളുടെ എണ്ണം കൂടുതൽ.<br>*എല്ലാവർക്കും അവസരം നൽകുന്നില്ല.<br>അക്കാദമിക വിഭാഗത്തെ അഡ്മിനിസ്ട്രേറ്റീവ് മേഖലയിൽ ഉപയോഗിക്കേണ്ട അവസ്ഥ.<br>*ഗുണപരമായ മാറ്റത്തേക്കാൾ അളവുപരമായ മാറ്റത്തിന് പ്രാധാന്യം നൽകേണ്ട അവസ്ഥ. | *ലാബിന്റെ സഹായത്താൽ സ്വയം പഠനം,സംഘപഠനം ഐ.സി.ടി എന്നിവ ക്രമീകരിക്കുക.<br><br>*ക്ലാസ് പ്രവർത്തനങ്ങളിലും മൂല്യനിർണയരീതിയിലും അറിവ് നിർമ്മാണ -പ്രവർത്തനരീതി ഉപയോഗിക്കുക.<br><br>*പ്രവർത്തനങ്ങൾക്കും മേളകൾക്കും മറ്റ് പഠനാനുബന്ധപ്രവർത്തനങ്ങൾക്കും അധിക സമയം ക്രമീകരിക്കുക.<br>അധ്യാപകരെ മറ്റ് അഡ്മിനിസ്ട്രേറ്റ് പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവാക്കുക.<br><br>*കുട്ടികളുടെ ഭക്ഷണ-സംവിധാനം കാര്യക്ഷമമാക്കണം.<br><br>*സ്കൂൾതല സഹായക സംവിധാനങ്ങൾ ജനസജമാക്കുക. | |

കൈവരിക്കേണ്ട അടിസ്ഥാന ധാരണകൾ -ശേഷികൾ

**1)മുന്നൊരുക്ക പദ്ധതി -** പ്രൈമറി , ഹൈസ്കൂൾതലങ്ങളിൽ കൈവരിക്കേണ്ട അടിസ്ഥാന ധാരണകൾ -ശേഷികൾ ഉറപ്പാക്കുക.അതിനായി ഓരോ ക്ലാസ്സുതലത്തിലും ആദ്യവാരം കുട്ടികളുടെ പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് കൈവരിക്കാൻ അവസരം ഉറപ്പാക്കുക.അതിനായി ഓരോ ക്ലാസ്സുതലത്തിലും ആദ്യവാരം കുട്ടികളുടെ പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് കൈവരിക്കാൻ അവസരം ഉറപ്പാക്കുക.അതിനായി ഓരോ ക്ലാസ് തലത്തിലും സ്കൂൾ പിന്തുണാസംവിധാനങ്ങളുടെ അറിവും കഴിവും നിർണയം ചെയ്യുന്നു.ജൂൺ ആദ്യവാരത്തിൽ ഓരോ ക്ലാസ് തലത്തിലും സ്കൂൾ പിന്തുണാസംവിധാനങ്ങളുടെ സഹായത്താൽ നിലവാര നിർണയം നടത്തി കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കുന്നു.ഇതിന്റെ ഭാഗമായി പരിഹാരബോധന ക്ലാസുകൾ രാവിലെയും വൈകുന്നേരവും നടത്തുന്നു.

**2)കൂട്ടുകാർക്കൊപ്പം കൂട്ടുകൂടാം പദ്ധതി -**നിലവിലുള്ള ക്ലാസ് തലത്തിലെ ആശയ ധാരണയും പ്രക്രിയാ ശേഷിയുംഎല്ലാകുട്ടികൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന പ്രവർത്തനം.ഭിന്നനിലവാരമുള്ള കുട്ടികളെ കണ്ടെത്തി നിലവാരം ഉയർന്ന കുട്ടികളുമായി ചേർന്ന് പഠന ഗ്രൂപ്പ് രൂപീകരിക്കുന്നു.വിദഗ്ധരുടെ സഹായത്താൽ തയ്യാറാക്കിയ ലോക്കൽ ടെസ്റ്റിന്റെയും ഗ്രൂപ്പിന്റെയും സഹായത്താൽ ആശയങ്ങൾ ഉൾപ്പെടുത്തിയപ്രക്രിയാ ബന്ധിത പ്രവർത്തനങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.ഒഴിവ് പീരിഡുകൾ,മറ്റ് അധിക സമയങ്ങളിലിലും സഹവർത്തിത്വ പഠനം നടക്കുന്നു.ടേം പരീക്ഷയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തുന്നു.

**3)മികവ് പദ്ധതി -** പാഠപുസ്തകത്തിലെ ആശയങ്ങളെ മികച്ച രീതിയിൽ ആസൂത്രണം ചെയ്യേണ്ടത് പഠനനേട്ടങ്ങൾ കൈവരിക്കുന്നതിന് അത്യാവശ്യമാണ്.അതോടൊപ്പം തന്നെ എല്ലാ ക്ലാസ് മുറികളും സ്വയം പഠനം, സഹപഠനം,സംഘപഠനം,പ്രവർത്തനാധിഷ്ഠിത പഠനം,വിസ്മയാത്മക പഠനം എന്നിവയ്ക്ക് അനുയോജ്യമായി ക്രമീകരിക്കേണ്ടതുണ്ട്.വാർഷിക പദ്ധതി സമഗ്രാസൂത്രണം നടത്തി സ്റ്റാഫ് കൗൺസിൽ അവതരിപ്പിക്കണം.പാഠഭാഗങ്ങളുടെ പൂർത്തീകരണക്രമം,മൂല്യനിർണയം,സയൻസ് ക്ലബ് പ്രവർത്തനങ്ങൾ.സ്കൂൾ ശാസ്ത്രമേള ,പഠനയാത്രകൾ എന്നിലയും ഉൾപ്പെടുത്തണം.പ്രവർത്തനങ്ങൾക്കും മേളകൾക്കും മറ്റ് പഠനാനുബന്ധപ്രവർത്തനങ്ങൾക്കും അധിക സമയം ക്രമീകരിക്കുക.അധ്യാപകരെ മറ്റ് അഡ്മിനിസ്ട്രേറ്റ് പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവാക്കുക.ശാസ്ത്ര അധ്യാപകരുടെ റിസോഴ്സ് ഷെയറിംഗ് വളരെ പ്രധാനമായതിനാൽ എല്ലാ ക്ലാസുകളിലും ശാസ്ത്ര അധ്യാപകരുടെ സേവനം ഉറപ്പ് വരുത്തുക.

**4) കുട്ടിയെ അറിയാം വിടറിയാം പദ്ധതി** - പഠനപിന്നോക്കാവസ്ഥയ്ക്ക് പലപ്പോഴും കാരണമാകുന്നത് കുട്ടികളുടെ ശാരീരികവും മാനസികവുമായി നേരിടുന്ന പ്രശ്നങ്ങളാണ്.ഇവ കണ്ടെത്തി പരിഹരിക്കുമ്പോഴാണ് ശാസ്ത്രപഠനത്തിൽ ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നത്.ഓരോ കുട്ടിയുടേയും ശാരീരിക – മാനസിക – സാമൂഹിക പ്രത്യേകതകൾ രേഖപ്പെടുത്തുവാൻ ഒരു നിശ്ചിത ഫോർമാറ്റ് വികസിപ്പിക്കുന്നു.ജൂൺ മാസത്തിൽ പിള്ളുണാസംവിധാനങ്ങളുടെ സഹായത്താൽ പ്രവർത്തനം ഊർജിതമാക്കുന്നു.

**5) ജൈവവൈവിധ്യപാർക്ക്** - പ്രകൃതിയെ അറിയാനും പരിസരവും വിദ്യാലയവും ഒരു പാഠപുസ്തകം എന്ന ആശയത്തിലൂന്നിയും അനുഭവങ്ങൾ കുട്ടികൾക്ക് ലഭിക്കാൻ വിദ്യാലയങ്ങളിൽ ജൈവവൈവിധ്യപാർക്ക് വികസിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി ലഭ്യമായ സ്ഥലത്ത് പ്രകൃതിയുടെ ഒരു പരിച്ഛേദം രൂപപ്പെടുത്തുകയാണ് വേണ്ടത്.പ്രകൃതിയിലെ ആവാസവ്യവസ്ഥ പാലിക്കുന്ന പരിച്ഛേദമാകണം ജൈവവൈവിധ്യപാർക്ക്. ഇതിന്മതകംവിധം പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയണം.

**6) തനത് പ്രവർത്തനങ്ങൾ – ശാസ്ത്ര സഹായത്താൽ നിത്യോപയോഗ – ഗാർഹിക വസ്തുക്കളുടെ നിർമ്മാണം വിതരണം.**
ഇതിലൂടെ സാമൂഹ്യ പ്രതിബദ്ധത,തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നീ ശേഷികൾ വികസിക്കുന്നു.

## പ്രവർത്തന പദ്ധതി - വിശകലനം - ജൂൺ ,ജൂലൈ

### 1) മുന്നൊരുക്ക പദ്ധതി -

പ്രശ്നം -1 8,9,10 ക്ലാസിലെ എല്ലാം കുട്ടികൾക്കും പാഠഭാഗത്തിലെ ആശയങ്ങളും ശേഷികളും പൂർണമായും സ്വായത്തമാക്കാൻ കഴിയുന്നില്ല.

പ്രവർത്തനം - പഠന നിലവാര നിർണയം പരിഹാരബോധനവും

ലക്ഷ്യം - 8,9,10 ക്ലാസിലെ എല്ലാം കുട്ടികൾക്കും പാഠഭാഗത്തിലെ ആശയങ്ങളും ശേഷികളും പൂർണമായും കൈവരിക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രീ ടെസ്റ്റ് ചോദ്യപേപ്പർ | വിഷയ സമിതി | ജൂൺ ആദ്യവാരം | 500 | പി.ടി.എ |
| പ്രീ ടെസ്റ്റ് നടത്തൽ | വിഷയ സമിതി | അവധി ദിവസം | ഇല്ല | |
| മൂല്യനിർണയം | വിഷയ സമിതി | ജൂൺ രണ്ടാം വാരം | ഇല്ല | |
| ഗ്രൂപ്പ് രൂപീകരണം | വിഷയ സമിതി | ജൂൺ രണ്ടാംവാരം | ഇല്ല | |
| പരിഹാര ബോധന ക്ലാസുകൾ | വിഷയ സമിതി | ജൂൺ മൂന്നാംവാരം | 1000 | പി.ടി.എ |

## 2)കൂട്ടുകാർക്കൊപ്പം കൂട്ടുകൂടാം പദ്ധതി

**പ്രശ്നം -2** 8,9,10 ക്ലാസിലെ എല്ലാം കുട്ടികൾക്കും പാഠഭാഗത്തിലെ ആശയങ്ങളും ശേഷികളും പൂർണമായും സ്വായത്തമാക്കാൻ കഴിയുന്നില്ല.

**പ്രവർത്തനം -** ലോക്കൽ ടെസ്റ്റ് , പഠനഗ്രൂപ്പ് ഉണ്ടാക്കൽ

**ലക്ഷ്യം -** 8,9,10 ക്ലാസിലെ എല്ലാം കുട്ടികൾക്കും പാഠഭാഗത്തിലെ ആശയങ്ങളും ശേഷികളും പൂർണമായും കൈവരിക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രാദേശിക പാഠ നിർമ്മാണം | വിഷയ സമിതി | ജൂലൈ ആദ്യവാരം | 1500 | പി.ടി.എ |
| പഠന ഗ്രൂപ്പ് നിർമ്മാണം | വിഷയ സമിതി | ജൂലൈ രണ്ടാംവാരം | ഇല്ല | |
| പ്രാദേശിക പാഠ വിനമയം | വിഷയ സമിതി | ജൂലൈ മൂന്നാം വാരം | ഇല്ല | |

**3)മികവ് പദ്ധതി** -പ്രശ്നം -3 8,9,10 ക്ലാസിലെ എല്ലാം കുട്ടികൾക്കും സ്വയം പ്രശ്നപരിഹരണത്തിന്റെ ഭാഗമായി പരീക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നില്ല.

പ്രവർത്തനം - ക്ലാസ് തല പ്രക്രിയകളും -പ്രവർത്തനങ്ങളും ആസൂത്രണം

ലക്ഷ്യം - **8,9,10** ക്ലാസിലെ എല്ലാം കുട്ടികൾക്കും പാഠഭാഗത്തിലെ ആശയങ്ങളും ശേഷികളും പൂർണമമായും കൈവരിക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| യൂണിറ്റ് ആസൂത്രണം | വിഷയ സമിതി | മെയ് മൂന്നാംവാരം | ഇല്ല | |
| ലാബ് സജ്ജീകരണം | വിഷയ സമിതി,എസ്.എസ് .ജി | ജൂൺ ആദ്യവാരം | 20,000 | പി.ടി.എ |
| പ്രവർത്തനങ്ങൾ തയ്യാറാക്കൽ | വിഷയ സമിതി,എസ്.ആർ.ജി | മെയ് മൂന്നാംവാരം | | |

## 4)കുട്ടിയെ അറിയാം വിടറിയാം പദ്ധതി

പ്രശ്നം -4 8,9,10 കുട്ടികൾക്ക് മനോഭാവങ്ങൾ , മൂല്യങ്ങൾ, തീരുമാനമാനമെടുക്കൽ ഇടങ്ങിയ മേഖലയിലെ ശേഷിവികാസം കുറവ്.

പ്രവർത്തനം - കുട്ടിയുടെ സാമൂഹിക – വൈകാരിക പ്രശ്നങ്ങൾ തിരിച്ചറിയാൻ.

ലക്ഷ്യം - **8,9,10** കുട്ടികൾക്ക് മനോഭാവങ്ങൾ , മൂല്യങ്ങൾ, തീരുമാനമാനമെടുക്കൽ ഇടങ്ങിയ മേഖലയിലെ ശേഷിവികാസം കൈവരിക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ദത്ത ശേഖരണം | വിഷയ സമിതി | മെയ് മൂന്നാംവാരം | ഇല്ല | |
| കൗൺസലിംഗ് ക്ലാസുകൾ | വിഷയ സമിതി,എസ്.എസ് .ജി | ജൂൺ രണ്ടാംവാരം | 3000 | പി.ടി.എ |
| അയൽപക്ക പഠന കൂട്ടായ്മ | വിഷയ സമിതി,എസ്.ആർ.ജി | ആഗസ്റ്റ് | | |
| പ്രാദേശിക പരിപാടി രൂപീകരണം | എസ്.എസ് .ജി,എസ്.ആർ.ജി | | | |

5) a.തനത് പ്രവർത്തനങ്ങൾ – **സ്കൂൾ തലം**

**പ്രശ്നം -5** 8,9,10 കുട്ടികൾക്ക് സാമൂഹ്യ പ്രതിബദ്ധത,തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നീ ശേഷികൾ വികസിക്കുന്നതിലുള്ളകുറവ്.

**പ്രവർത്തനം** - ശാസ്ത്ര സഹായത്താൽ നിത്യോപയോഗ – ഗാർഹിക വസ്തുക്കളുടെ നിർമ്മാണം വിതരണം.

**ലക്ഷ്യം** - 8,9,10 കുട്ടികൾക്ക് മനോഭാവങ്ങൾ , മൂല്യങ്ങൾ, തീരുമാനമാനമെടുക്കൽ തുടങ്ങിയ മേഖലയിലെ ശേഷിവികാസം കൈവരിക്കുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രവത്തനക്രമം | വിഷയ സമിതി ,എസ്.എസ് .ജി | ആഗസ്റ്റ് | 50000 | മാനേജർ |
| പ്രവർത്തനഗ്രൂപ്പ് | വിഷയ സമിതി,എസ്.എസ് .ജി | ആഗസ്റ്റ് | | പി.ടി.എ |
| അസംസ്കൃത വസ്തുക്കൾ ശേഖരണം | വിഷയ സമിതി,എസ്.ആർ.ജി | ആഗസ്റ്റ് | | |
| ഉൽപ്പന്ന നിർമ്മാണം | എസ്.എസ് .ജി,എസ്.ആർ.ജി | | | |

6)ജൈവവൈവിധ്യപാർക്ക് -

**പ്രശ്നം -6**

8,9,10 കുട്ടികൾക്ക് വിദ്യാലയം,പ്രകൃതി എന്നിവ ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.

**പ്രവർത്തനം** - ആവാസവ്യവസ്ഥയുടെ പരിച്ഛേദമായ ജൈവവൈവിധ്യപാർക്ക് നിർമ്മാണം .

**ലക്ഷ്യം** - കുട്ടികൾക്ക് വിദ്യാലയം,പ്രകൃതി എന്നിവ ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുക.

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രവത്തനക്രമം | വിഷയ സമിതി ,എസ്.എസ് .ജി | ആഗസ്റ്റ് | 200000 | [redacted] |
| പ്രവർത്തനഗ്രൂപ്പ് | വിഷയ സമിതി,എസ്.എസ് .ജി | ആഗസ്റ്റ് | | പി.ടി.എ |
| സ്ഥല നിർണയം | വിഷയ സമിതി,എസ്.ആർ.ജി | ആഗസ്റ്റ് | | എസ്.എസ് .ജി |
| നിർമാണ പ്രവർത്തനം | എസ്.എസ് .ജി,എസ്.ആർ.ജി | | | |

പഠനാനുബന്ധപ്രവർത്തനങ്ങൾ- വ്യക്തിഗതം **ക്ലാസ് തലം** സ്കൂൾ തലം

1)തനത് പ്രവർത്തനങ്ങൾ –

പ്രശ്നം -7 8,9,10 കുട്ടികൾക്ക് സാമൂഹ്യ പ്രതിബദ്ധത, തീരുമാനമെടുക്കൽ എന്നിവയിൽ ശേഷി വികസിക്കുന്നതിലുള്ള കുറവ്.

പ്രവർത്തനം - പരിസ്ഥിതി ആഘാതങ്ങൾ മനസിലാക്കുന്നു, ജലസ്രോതസുകളുടെ മലിനീകരണം മനസിലാക്കുന്നു, മാലിന്യസംസ്കരണ രീതികൾ മാലിന്യസംസ്കരണ രീതികൾ മലസിലാക്കിയുള്ള -അന്വേഷണാത്മക പ്രവർത്തനങ്ങൾ

ലക്ഷ്യം - 8,9,10 കുട്ടികൾക്ക് സാമൂഹ്യ പ്രതിബദ്ധത, തീരുമാനമെടുക്കൽ എന്നിവയിൽ ശേഷിവികാസം കൈവരിക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രവത്തനക്രമം | വിഷയ സമിതി ,എസ്.എസ് .ജി | ജൂൺ- ആഗസ്റ്റ് | 10000 | [redacted] |
| പ്രവർത്തനഗ്രൂപ്പ് | വിഷയ സമിതി,എസ്.എസ് .ജി | ആഗസ്റ്റ് -നവംബർ | | പി.ടി.എ |
| മേഖല | വിഷയ സമിതി,എസ്.ആർ.ജി | ആഗസ്റ്റ് -നവംബർ | | എസ്.എസ് .ജി |
| അന്വേഷണാത്മകപ്രനർത്തനങ്ങൾ | എസ്.എസ് .ജി,എസ്.ആർ.ജി | ആഗസ്റ്റ് -നവംബർ | | |

പഠനാൻബന്ധപ്രവർത്തനങ്ങൾ- **വ്യക്തിഗതം** ക്ലാസ് തലം സ്കൂൾ തലം

1)തനത് പ്രവർത്തനങ്ങൾ –

പ്രശ്നം - 8 ശാസ്ത്രത്തിന്റെ നേട്ടത്തിൽ അഭിമാനിക്കുക,ശാസ്ത്രനേട്ടങ്ങൾ സമൂഹ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തുക.

ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക എന്ന ശാസ്ത്ര ബോധകരവ്

പ്രവർത്തനം - ശാസ്ത്രജ്ഞരുടെ ജീവിത അനുഭവങ്ങൾ ,അവർ ഉയർത്തിയ മാനവിക മൂല്യങ്ങൾ ,അവരുടെ ശാസ്ത്രീയ മനോഭാവങ്ങൾ

വായന , മോട്ടിവേഷൻ ക്ലാസുകൾ ,വിവരസാങ്കേതിക സംവിധാനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ ,സെമിനാർ

ലക്ഷ്യം - വായന -എന്റെ ലഹരി ശാസ്ത്രത്തിലെ -ഊർജം ,ജീവൻ , രസം ഇവകണ്ടെത്തി പുതിയ തലങ്ങളിൽ പ്രയോഗിക്കുക. കൈവരിക്കുക

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രവത്തനക്രമം | വിഷയ സമിതി ,എസ്.എസ് .ജി | ജൂൺ- ആഗസ്റ്റ് | 10000 | [redacted] |
| പ്രവർത്തനങ്ങൾ -വായന | വിഷയ സമിതി,എസ്.എസ് .ജി | ആഗസ്റ്റ് -നവംബർ | | പി.ടി.എ |
| മോട്ടിവേഷൻ ക്ലാസുകൾ | വിഷയ സമിതി,എസ്.ആർ.ജി | ആഗസ്റ്റ് -നവംബർ | | എസ്.എസ് .ജി |
| സെമിനാർ വിവിധതലം | എസ്.എസ് .ജി,എസ്.ആർ.ജി | ആഗസ്റ്റ് -നവംബർ | | |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

# 1. അക്കാദമിക മാസ്റ്റർ പ്ലാൻ - മാതൃഭാഷ

മേഖല : അക്കാദമികം

ഉപ മേഖല: മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | * പ്രീ-ടെസ്റ്റ്<br>* അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>* ചിത്രം നൽകി കഥ പറയൽ, എഴുതൽ | ജൂൺ ജൂലൈ ആഗസ്റ്റ് | ഭാഷാധ്യാപകർ | SRG, PTA,<br>SSA, DIET, SCERT |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം)<br>വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുക,<br>വായനാസാമഗ്രികൾ കണ്ടെത്തി വികസിപ്പിക്കുക | * വായനക്കൂട്ടം രൂപീകരണം<br>* ക്ലാസ് ലൈബ്രറി<br>* ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>* ചുമർ പത്രിക ഒരുക്കൽ<br>* വായനോത്സവം സംഘടിപ്പിക്കൽ<br>* വായനക്കുറിപ്പ് - പതിപ്പ്<br>* സാഹിത്യശാഖകൾ, എഴുത്തുകാർ എന്നിവരെ പരിചയപ്പെടൽ | ഒരു വർഷം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം കലാസാഹിത്യ വേദി | SRG, SMC, PTA, |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | * എഴുത്തുകൂട്ടം രൂപീകരണം<br>* എഴുത്തിനു മുൻഗണനയുള്ള സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>* ചുമർ പത്രിക ഒരുക്കൽ<br>* രചനാ ശിൽപശാല,<br>* കഥാക്യാമ്പ്, കവിതാ ക്യാമ്പ് | ഒരു വർഷം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം | SMC, PTA,<br>Municipality<br>Rs: 5,000 |
| 4 | സർഗശേഷികൾ കണ്ടെത്തലും വികസിപ്പിക്കലും (വിദ്യാരംഗം കലാസാഹിത്യ വേദി) | * വിദ്യാരംഗം കലാസാഹിത്യ വേദി രൂപീകരണം<br>* ക്ലാസ് സഭ, സ്കൂൾ സഭ , ബാലസഭ<br>* CD, വീഡിയോ പ്രദർശനം<br>* ഭിന്നശേഷിക്കാർക്കായി പ്രത്യേകം സഭ | ജൂൺ | മുഴുവൻ അധ്യാപകർ, വിദ്യാരംഗം, IEDSS | SRG, SMC, PTA,<br>മുനിസിപ്പൽ കൗൺസിലർ |
| 5 | സ്കൂൾ ഗ്രന്ഥശാല (ലൈബ്രറി) ശാക്തീകരണം | * ക്ലാസ് ലൈബ്രറി രൂപീകരണം<br>* സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും<br>* മുഴുവൻ സമയ ലൈബ്രേറിയന്റെ സേവനം ഉറപ്പാക്കൽ<br>* വായനാമൂലകൾ, വായനാമുറി സൗകര്യമൊരുക്കൽ | ആറു മാസം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം | SRG, SMC, PTA,<br>Municipality<br>Rs: 60,000 |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 6 | കലാപരമായ കഴിവുകൾ പോഷിപ്പിക്കൽ, ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റാനുള്ള ശേഷി | * നാടകക്കളരി<br>* പാഠഭാഗമുൾപ്പെടെയുള്ളവയുടെ നാടകീകരണം<br>* ICT സംവിധാനങ്ങളിലൂടെ വിവിധ നാടകങ്ങൾ വീക്ഷിക്കൽ<br>* പൊതുവേദികളിലെ അവതരണം | ആറു മാസം, | ഭാഷാധ്യാപകർ, ആർട്ട്- മ്യൂസിക് അധ്യാപകർ | SMC, PTA, |
| 7 | രചനകൾ, ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക | * രചനകൾ ക്ലാസ് മാഗസിൻ, റേഡിയോ ക്ലബ്ബ്, ചുമർ പത്രങ്ങൾ, സ്കൂൾ ബ്ലോഗ് എന്നിവയിലൂടെ പ്രകടിപ്പിക്കൽ<br>* പത്ര ക്വിസ് (പ്രതിദിനം ഒരു ചോദ്യം) | വാർത്ത- ദിവസവും 5 മിനിറ്റ് | SITC, റേഡിയോ ക്ലബ്ബ്, ക്ലാസ് ടീച്ചേഴ്സ് | SRG, SMC, PTA |
| 8 | ICT സാധ്യതകൾ ആശയവിനിമയത്തിന് | * പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ, വീഡിയോ, ക്ലാസ്സുകൾ എന്നിവ ശേഖരിച്ചും നിർമിച്ച് എഡിറ്റ് ചെയ്തവയും സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനുമായി ഉപയോഗിക്കൽ. | അവശ്യാനുസരണം | ഭാഷാധ്യാപകർ, SITC, JSITC, | SRG, KITE (IT@School) |
| 9 | ഭാഷാശേഷികളുടെ സമഗ്രമായ വികസനം | * സെമിനാറുകൾ \ അഭിമുഖങ്ങൾ \ പാനൽ ചർച്ചകൾ\ സംവാദം മുതലായവ<br>* തിരക്കഥയെഴുതി ഹ്രസ്വചിത്രങ്ങൾ നിർമിക്കൽ | വർഷത്തിൽ ഓരോന്ന് | ഭാഷാധ്യാപകർ | SRG, SMC, PTA |
| മേഖല : അക്കാദമികം/ ദിനാചരണങ്ങൾ<br>ഉപ മേഖല: സമഗ്ര വികസനം | | | | | |
| 1 | വ്യക്തിത്വ വികസനം | * വിവിധ വിഷയങ്ങൾ കോർത്തിണക്കി ദ്വിദിന സഹവാസ ക്യാമ്പ് | വർഷത്തിൽ ഒന്ന് | SRG | SMC, PTA, Municipality Rs: 7,500 |
| 2 | വിവിധ ശേഷികളുടെ പരിപോഷണവും വികസനവും | * അക്കാദമികവർഷത്തെക്കുള്ള വിവിധ ദിനാചരണങ്ങൾ SRG യിൽ തീരുമാനിച്ച് സ്കൂളിലും പരിസരത്തെ പൊതു ഇടങ്ങളിലും നടപ്പിലാക്കുന്നു.<br>* സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ സംഘാടനവും ആസൂത്രണവും | അവശ്യാനുസരണം | SRG | SMC, PTA, |



Scanned with OKEN Scanner

Social Science.

| | | | | |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |
| 3) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 5) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു: ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 6) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചിലഭാഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് തലസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simple Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English [illegible] | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്ലാസ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

# മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം**, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

# ജി.എച്ച്.എസ് ഇരുളത്ത്

AH PLAN

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26

# ആരോഗ്യ കായിക വിദ്യാഭ്യാസം

# ആമുഖം

വിദ്യാർത്ഥികളിൽ ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും ആരോഗ്യകരമായ ജീവിതശൈലി രൂപീകരിക്കുന്നതിനും ലക്ഷ്യം വയ്ക്കുന്ന പാഠ്യപദ്ധതിയാണ് ആരോഗ്യ കായിക വിദ്യാഭ്യാസത്തിലൂടെ വിഭാവനം ചെയ്യുന്നത്.

കളികളിലൂടെയും കായിക പ്രവർത്തനങ്ങളിലൂടെയും മികച്ച ആരോഗ്യവും ജീവിതശൈലിയും രൂപീകരിക്കുന്ന രീതിയിലാണ് ഇരുളം ഗവൺമെൻറ് ഹൈസ്കൂളിലെ 2025-26 അധ്യയന വർഷത്തിലെ ആരോഗ്യ കായിക വിദ്യാഭ്യാസം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

ആരോഗ്യ കായിക വിദ്യാഭ്യാസം ആക്റ്റിവിറ്റി ബുക്ക് വിനിമയം ചെയ്യുന്നതിലൂടെ മികച്ച കായിക ക്ഷമതയുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

AH PLAN

| മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | മറ്റുള്ളവ |
|---|---|---|---|---|---|
| ആരോഗ്യം, ആഹാരം, | 1. സ്പോർട്സ് ക്ലബ് രൂപീകരണം<br>2. ആരോഗ്യത്തിന്റെ ഘടകങ്ങൾ<br>3. പോഷകാഹാരം-അഭാവം മൂലമുള്ള രോഗങ്ങൾ<br>4.ശരീര സംസ്ഥിതി<br>5. ജീവിത ശൈലിരൂപീകരണം | ജൂൺ, ജൂലൈ, | കായികാധ്യാപകൻ | | |
| കായിക ക്ഷമത, | 1. കായിക കസമ്മത ഘടകങ്ങൾ<br>2.യോഗ- യോഗ ദിനാചരണം<br>3.വാർഷിക കായിക മേള | ജൂലൈ,<br>ആഗസ്റ്റ് | കായികാധ്യാപകൻ<br>മറ്റ് അധ്യാപകർ | പി.ടി.എ | |
| സുരക്ഷ<br>സുരക്ഷിതത്വം, | 1. അടിയന്തര സാഹചര്യങ്ങളിൽ നൽകേണ്ട പ്രഥമ ശുശ്രൂഷ<br>2. പ്രകടന സംബന്ധിയായ കായിക ക്ഷമതാ ഘടകങ്ങൾ<br>3. ചോക്കിങ്, ഡ്രോണിങ് | ആഗസ്റ്റ്<br>സെപ്തംബർ | | | |
| കായിക സംസ്കാരം, | 1. മൈനർ ,മേജർ ഗെയിമുകളിലൂടെ കായിക പരിശീലനം സാധ്യമാക്കൽ<br>2. കായിക മത്സരങ്ങൾ സംഘടിപ്പിക്കൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | | | |
| പ്രകൃതിയും സ്പോട്ടും | 1. പ്രകൃതി സൗഹൃദ പരിശീലന ഇടങ്ങൾ | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | | | |

AHPLAN

## MASTER PLAN

| लक्ष्य | गतिविधि | काल | भौतिक | सहायता |
|---|---|---|---|---|
| सभी हाई स्कूल के छात्रों को हिंदी पढ़ने और लिखने में सक्षम बनाना।<br><br>राष्ट्रीय भाषा के प्रति अपनी प्रशंसा बढ़ाएँ। | • पोस्टर बनाना।<br>• कविता पाठ।<br>• विधान सभा [हिंदी]<br>• समूह गतिविधियाँ।<br>• पुस्तकालय की पुस्तकें पढ़ना।<br>• लेखकों का परिचय।<br>• शैलियों का परिचय।<br>• रीडिंग कार्ड।<br>• नाटक प्रदर्शन। | एक शैक्षणिक वर्ष। | पाठ्य पुस्तक<br>चार्ट<br>पोस्टर | SRG<br>BRC |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

2025 11:13 pm

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

**മേഖല യു.പി. മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ,ലഘു നാടകങ്ങൾ ഇടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശിൽപശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ,സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ റേഡിയോ ഇതളും 99.9 എഫ്.എം അവതരണം | **റേഡിയോ ഇതളും 99.9** വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു.വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു.വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു.സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്.പിന്നീട് എല്ലാ ദിവസവും | ക്ലാസ്സ് ലീഡർമാർ,സ്കൂൾ ലീഡർ,റേഡിയോ ക്ലബ് അംഗങ്ങൾ,മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ ,പി.റ്റി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7.എഴുത്തുകാരെയും അവരുടെ കൃതികളും കുട്ടികൾക്ക് പരിചയപ്പെടുത്തുകയും അതിലൂടെ പുസ്തക വായന പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | കോലായ<br>കുട്ടികൾ മാസത്തിലൊരിക്കൽ ഒത്തുചേരുകയും തിരഞ്ഞെടുക്കപ്പെട്ട കുട്ടി അല്ലെങ്കിൽ ടീച്ചർ പുസ്തകം പരിചയപ്പെടുത്തുന്നു | എല്ലാമാസവും | മലയാളം അധ്യാപകൻ | |

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
